# ദൈവവചനത്തിൽ മായം ചേർക്കരുത്

സാക് പുന്നൻ

WFTW 30 ആഗസ്റ്റ് 2015

2 കൊരിന്ത്യർ 4:2ൽ പൗലൊസ് ഇപ്രകാരം പറയുന്നതായി നാം വായിക്കുന്നു. ''ഞങ്ങൾ ലജ്ജാകരമായ രഹസ്യങ്ങൾ ത്യജിച്ച് ഉപായം പ്രയോഗിക്കാതെയും ദൈവവചനത്തിൽ മായം ചേർക്കാതെയും സത്യം വെളിപ്പെടുത്തിയിരിക്കുന്നു.'' നമ്മുടെ ജീവിതങ്ങളിൽ അവിശ്വസ്തതയോ, ഉപായമോ ആയ ഏതെങ്കിലും ഉണ്ടെങ്കിൽ, നമുക്കൊരിക്കലും ദൈവത്തിന്റെ സ്വസ്ഥതയിലേക്കു വരുവാൻ കഴിയുകയില്ല. കഴിഞ്ഞ നാളുകളിൽ ഞങ്ങളോടു ചേർന്ന, വളരെ വരപ്രാപ്തരായവരും ബുദ്ധിശാലികളുമായ ഒന്നു രണ്ടു സഹോദരന്മാർ ഉണ്ടായിരുന്നു (അവർ ഇപ്പോൾ നമ്മിൽ നിന്ന് വിട്ടുപോയിരിക്കുന്നു). എന്നാൽ അവർ സൂത്രശാലികളുമായിരുന്നു. വരപ്രാപ്തരും ബുദ്ധിശാലികളുമായവർ നേർവഴിക്കു പോകുന്നവരും, വിശ്വസ്തരും വനീതരുമാണെങ്കിൽ മാത്രമേ ദൈവത്തിന് അവരെ ഉപയോഗിക്കുവാൻ കഴിയുകയുള്ളു. ''ദൈവം ജ്ഞാനികളെ അവരുടെ കൗശലത്തിൽ പിടിക്കുന്നു'' (1 കൊരി. 3:19). അതാണ് അവിടുന്ന് ആ സഹോദരന്മാരോടു ചെയ്തത്. ഒടുവിൽ ഹാമാനെപ്പോലെ, മറ്റുള്ളവർക്കുവേണ്ടി അവരൊരുക്കിയ കഴുമരത്തിൽ അവർ തന്നെ തൂക്കപ്പെട്ടു. സൂത്രശാലികളായ സഹോദരീ സഹോദരന്മാർ സഭയിൽ ദീർഘകാലം അതിജീവിച്ചു എന്നു വരാം. കാരണം ദൈവം ദീർഘക്ഷമയും കരുണയുമുള്ളവനാകയാൽ അവർക്കു വ്യത്യാസപ്പെടുവാൻ ധാരാളം സമയം നൽകുന്നു. എന്നാൽ അവർ തങ്ങളെത്തന്നെ നിർമ്മലീകരിക്കുന്നില്ലെങ്കിൽ, ഒരു ആത്മീയ സഭയിൽ അവർ അവശേഷിക്കുകയില്ല. ''പാപികൾ നീതിമാന്മാരുടെ സഭയിൽ എന്നേക്കും നിവർന്നു നിൽക്കുകയില്ല'' (സങ്കീ. 1:5).

നിങ്ങൾക്കു ക്രിസ്തുവിന്റെ സഭയിൽ പ്രയോജനമുള്ള ഒരംഗമായിരിക്കണമെങ്കിൽ, ഇവിടെ തുടങ്ങുക: എല്ലാ കൗശലങ്ങളും അവിശ്വസ്തയും പരിത്യജിക്കുക, ലജ്ജാകരമായ രഹസ്യങ്ങളെ പരിത്യജിക്കുക, എന്നിട്ടു നിങ്ങളുടെ സൗകര്യപ്രകാരം വചനത്തിൽ മായം ചേർക്കുന്നതും പരിത്യജിക്കുക.

ആളുകൾക്കു ദൈവവചനത്തിൽ മായം ചേർക്കാൻ കഴിയുന്ന രണ്ടു രീതികൾ ഉണ്ട്.

ഒന്ന് തങ്ങളുടെ തന്നെ ജീവിതത്തിന്റെ കാര്യത്തിൽ വരുമ്പോൾ അല്ലെങ്കിൽ ഒരടുത്ത സുഹൃത്തിനോടോ, ആത്മാർത്ഥമായി അവരെ താങ്ങുന്ന ഒരാളിനോടോ ഇടപാടു നടക്കേണ്ടി വരുമ്പോൾ, ദൈവവചനത്തെ വിട്ടുവീഴ്ച ചെയ്യുന്നതു വഴി, ദൈവ ഇഷ്ടത്തിനു എതിരായ ഒരു പ്രവൃത്തി ചെയ്യാൻ പത്രൊസ് നിർദ്ദേശിച്ചാൽ, പത്രൊസിനെപ്പോലെ അവിടുത്തോട് അത്രയ്ക്ക് അടുപ്പമുള്ള ഒരാളായാൽ പോലും ''സാത്താനെ എന്നെ വിട്ടു പോകു'' എന്നു പറഞ്ഞു യേശു ശാസിക്കുമായിരുന്നു. നമ്മുടെ ഭാര്യമാരുടെ പരാജയങ്ങളെ മറയ്ക്കുവാനോ, ധനവാനായ ഒരു വ്യക്തിയെയോ ഉറ്റ സുഹൃത്തിനെയോ പ്രസാദിപ്പിക്കുവാനോ ദൈവവചനത്തിന്റെ നിലവാരത്തിൽ കൂട്ടു ചേർക്കരുത്. നമുക്കു ദൈവവചനത്തേക്കാൾ അടുപ്പമുള്ള ഒരു സ്നേഹിതരും ഒരിക്കലുമുണ്ടാകാരുത് കാരണം അങ്ങനെയുള്ള സുഹൃദ് ബന്ധത്തിന് ഒരിക്കലും ഒരു ആത്മീയ കൂട്ടായ്മ ആകുവാൻ കഴിയുകയില്ല.

ആളുകൾക്കു ദൈവവചനത്തിൽ മായം ചേർക്കാൻ കഴിയുന്ന രണ്ടാമത്തെ മാർഗ്ഗം, തങ്ങൾ നേരത്തെ ഗ്രഹിച്ചിട്ടുള്ള ദൈവശാസ്ത്രത്തിനോടോ ആശയങ്ങളോടോ യോജിക്കത്തക്ക വിധത്തിൽ ഒരു വാക്യത്തിൽ വ്യാഖ്യാനത്തെ വളച്ചൊടിക്കുന്നതിലൂടെയാണ്. ഒരു ഉദാഹരണം മാത്രം നോക്കാം: പരിശുദ്ധാത്മാവിലുള്ള സ് നാനം. പുതിയ നിയമത്തിലെ ആദ്യത്തെ 5 അദ്ധ്യായങ്ങളിലും ഈ സത്യത്തിന് വളരെ, സ്പഷ്ടമായും വ്യക്തമായും ഊന്നൽ കൊടുത്തിരിക്കുന്നു (മത്താ. 3:11, മർക്കൊ. 1:8, ലൂക്കൊ. 3:16, യോഹ. 1:33, അപ്പൊ. പ്ര. 1:5 ഇവ കാണുക). എന്നിട്ടും ബ്രദറൺ, ബാപ്റ്റിസ്റ്റ് കൂട്ടങ്ങളിലുള്ള വിശ്വാസികൾക്ക്, യേശുക്രിസ്തുവിന് ഇന്നും അവരെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കാൻ കഴിയും എന്നു വിശ്വസിക്കാൻ മിക്കവാറും കഴിയുകയില്ല എന്തുകൊണ്ടെന്നാൽ ''അവർ രക്ഷിക്കപ്പെട്ട ഉടനെ അവർക്കെല്ലാം ലഭിച്ചു കഴിഞ്ഞു'' എന്നു വിശ്വസിക്കുന്നതിനായി കുട്ടിക്കാലം മുതൽ അവർ മസ്തിഷ്ക്ക പ്രക്ഷാളനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

അവർ സത്യസന്ധരാണെങ്കിൽ, പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരുടെ ഉള്ളിൽ നിന്നൊഴുകും എന്നു യേശു പറഞ്ഞ ആ ജീവിജലത്തിന്റെ നദി തങ്ങളുടെ ജീവിതത്തിൽ നിന്നൊഴുകുന്നില്ല എന്ന് അവർക്കു സമ്മതിക്കേണ്ടി വരും. എന്നാൽ അസുഖകരമായ ഈ യാഥാർത്ഥ്യത്തെ അവർ അഭിമുഖീകരിക്കുകയില്ല. ദൈവവചനത്തിൽ പരിശുദ്ധാത്മാവിൽ സ്നാനപ്പെടുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വായിക്കുമ്പോൾ അതിനെ അവരുടെ സഭാവിഭാഗത്തിന്റെ ദൈവശാസ്ത്രത്തിന്റെ ആകൃതിക്കു ചേരുന്ന വിധത്തിൽ രൂപപ്പെടുത്തും. ഇതാണ് ബുദ്ധിപരമായ അവിശ്വസ്തതയും ദൈവവചനത്തിൽ മായം ചേർക്കുന്നതും.

ഒരു പ്രയാസമുള്ള വചനത്തിലേക്കു വരുമ്പോൾ സത്യസന്ധമായ ഒരു വിശ്വാസി എങ്ങനെയായാലും ഇപ്രകാരം പറയും. അയാൾ എപ്പോഴും വിശ്വസിച്ചിട്ടുള്ള ഉപദേശത്തിനോട് ഇതു യോജിക്കുന്നതായി തോന്നുന്നില്ല. ഒരുപക്ഷേ തനിക്ക് ഇതിന്മേൽ ദൈവത്തിൽ നിന്നു കൂടുതൽ വെളിച്ചം കിട്ടേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള സത്യസന്ധരായ വിശ്വാസികളുടെ കാര്യത്തിൽ വലിയ പ്രതീക്ഷ ഉണ്ട്.

സത്യസന്ധതയും താഴ്മയും ഇരട്ടകളെപ്പോലെയാണ്. അവ ഒരു വ്യക്തിയിൽ എപ്പോഴും ഒരുമിച്ചു ചേർന്നു പോകും. അവ ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെയാണ്. ഒരു വശമില്ലാതെ മറ്റെ വശം നിങ്ങൾക്കുണ്ടാകുവാൻ കഴിയുകയില്ല. നിങ്ങൾ യഥാർത്ഥത്തിൽ വിനീതനാണെങ്കിൽ, നിങ്ങൾ സത്യസന്ധനുമായിരിക്കും. നിങ്ങളുടെ കൗശലത്തെ സമ്മതിച്ചു ഏറ്റു പറയുക എന്നത് നിങ്ങളെ തന്നെ വിനയപ്പെടുത്തുക എന്നതാണ്. നിങ്ങൾ നിങ്ങളുടെ സത്യസന്ധതയില്ലായ്മയെ വിട്ടു കളയുമ്പോൾ വാസ്തവത്തിൽ നിങ്ങളുടെ നിഗളത്തിന്റെ ഒരു ഭാഗത്തെയാണ് നിങ്ങൾ വിട്ടു കളയുന്നത്.